**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1405** **15-10-2026-ൽ മറുപടിയ്ക്ക്**

**ഫെസ്റ്റിവൽ കേരളം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എൻ. ശക്തൻ

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എം. ആർ. ബൈജു

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളപ്പിറവിയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് ഫെസ്റ്റിവൽ കേരളം എന്ന പേരിൽ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ആഘോഷങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**മറുപടി:**

കേരളപ്പിറവിയുടെ എഴുപതാം വാർഷികം "ഫെസ്റ്റിവൽ ഓഫ് കേരളം" എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികളോടെ കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലുമായി ആഘോഷിക്കുവാൻ തീരുമാനിച്ചുകൊണ്ടും ഡൽഹി, മുംബൈ, കൊൽക്കത്ത, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് മുതലായ മെട്രോപോളിറ്റൻ സിറ്റികളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും 1956 മുതലുള്ള കേരളത്തിന്റെ പുരോഗതിയും അവസരങ്ങളും, ഇൻവെസ്റ്റ്മെന്റ് മീറ്റ് തുടങ്ങിയവ പ്രതിഫലിപ്പിക്കുന്ന രീതിയിലുള്ള പരിപാടികൾ / പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ച് കൊണ്ട് 06.10.2026 തീയതിയിലെ സ.ഉ.(കൈ) നം. 150/2026/GAD പ്രകാരം ഉത്തരവായിട്ടുണ്ട്.

ഐക്യകേരളം രൂപീകരണത്തിന്റെ എഴുപതാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന് വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രസ്തുത ആഘോഷത്തിന്റെ ഭാഗമായി രാജ്യത്തെ ഏതൊക്കെ നഗരങ്ങളിൽ എന്തൊക്കെ പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രീതിയിൽ എന്തൊക്കെ കാര്യങ്ങളാണ് ഫെസ്റ്റിവൽ കേരളത്തിന്റെ ഭാഗമായി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി:** കേരളത്തിന്റെ സാംസ്കാരിക തനിമയും വിനോദസഞ്ചാര സാധ്യതകളും ദേശീയ - അന്തർദേശീയ തലങ്ങളിൽ പ്രചരിപ്പിക്കുന്നതിനുള്ള വേദിയായി ഫെസ്റ്റിവൽ ഓഫ് കേരളത്തെ പ്രയോജനപ്പെടുത്തും. രാജ്യത്തെ പ്രധാന നഗരങ്ങൾക്കു പുറമെ തെരഞ്ഞെടുക്കപ്പെട്ട വിദേശ രാജ്യങ്ങളിലും ഫെസ്റ്റിവൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. സാംസ്കാരിക

പരിപാടികളിലൂടെ കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ കൂടുതൽ പ്രചാരം നൽകുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**